പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3241 18.10.2016 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എം. മുകേഷ്<br>ശ്രീ. ഐ.ബി. സതീഷ് : | | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) | കെ.റ്റി.ഡി.സി.യിൽനിന്നും ലഭിക്കുന്ന സേവനവും അവയുടെ ചെലവും വിനോദസഞ്ചാരികൾക്ക് സ്വകാര്യ സംരംഭകരെ അപേക്ഷിച്ച് മത്സരാധിഷ്ഠിതമാണോയെന്ന് വ്യക്തമാക്കുമോ; | എ) | കെ.റ്റി.ഡി.സി ദൈനംദിന വ്യാപാര പ്രവർത്തനങ്ങളിൽ സ്വകാര്യ സംരംഭകരുമായി കടുത്ത മത്സരമാണ് നേരിട്ടുവരുന്നത്. കെ.റ്റി.ഡി.സി നൽകുന്ന സേവനവും അവയ്ക്ക് സഞ്ചാരികളിൽ നിന്നും ഈടാക്കുന്ന തുകയും സ്വകാര്യ സംരംഭകരുടെ മത്സരത്തെ മനസ്സിലാക്കിയാണ് നിശ്ചയിക്കുന്നത്. |
| ബി) | കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയ ഭരണസമിതിയും സർക്കാരും തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) | കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| സി) | കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വേണ്ട പഠനം നടത്താൻ ഏൽപ്പിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ കേരള പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) | കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മികച്ച സേവനം നൽകുന്നതിനുമായുള്ള സമഗ്ര പഠനം നടത്തി ഒക്ടോബർ 31 - നകം പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുമായി കെ.റ്റി.ഡി.സി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ